**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5156 | 15.11.2019 ൽ മറുപടിക്ക്.

## കടക്കെണിയിലായ കുടുംബശ്രീ സംരംഭകർക്കുള്ള പദ്ധതി

| ചോദ്യം<br>ശ്രീ. പി.സി.ജോർജ് | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുടുംബശ്രീ യൂണിറ്റുകൾക്ക് ബാങ്കുകളിൽ നിന്നും നിലവിൽ എത്ര ശതമാനം പലിശക്കാണ് വായ്പ ലഭിക്കുന്നത് വിശദമാക്കാമോ; | (എ) നിലവിൽ ദേശീയ/ഷെഡ്യൂൾഡ് ബാങ്കുകൾ 9 മുതൽ 12 ശതമാനം വരെ പലിശയാണ് കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങൾക്ക് നൽകി വരുന്നത്. സഹകരണ ബാങ്കുകൾ 14 മുതൽ 16 ശതമാനം വരെ പലിശ ഈടാക്കാറുണ്ട്. |
| (ബി) പ്രസ്തുത വായ്പകൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കുടുംബശ്രീ ആർ.എം.ഇ./യുവശ്രീ പദ്ധതി പ്രകാരം ആരംഭിക്കുന്ന വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകാറുണ്ട്. കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, ദേശീയ ബാങ്കുകൾ, റീജിയണൽ റൂറൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയിലൂടെ ലഭ്യമാക്കുന്ന ബാങ്ക് വായ്പകൾക്ക് പദ്ധതി പ്രകാരം പലിശയിളവ് ലഭ്യമാക്കുന്നുണ്ട്. വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എടുക്കുന്ന ബാങ്ക് വായ്പകളിൽ 7% ൽ കൂടുതൽ വരുന്ന പലിശ, ധനസഹായമായി (പലിശ സബ്സിഡി) ലഭ്യമാക്കാറുണ്ട്. ബാങ്കുകളിൽ അതാത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കുകളും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമായിരിക്കും സബ്സിഡി ആയി നൽകുക. കൂടാതെ കൃത്യസമയത്ത് വായ്പാ തിരിച്ചടവ് പൂർത്തിയാക്കുന്ന എല്ലാ സംരംഭങ്ങൾക്കും 3% അധിക പലിശ കിഴിവ് അനുവദിക്കുന്നുണ്ട്. |
| (സി) കുടുംബശ്രീ അംഗങ്ങളിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് കടക്കെണിയിലായിട്ടുള്ള തൊഴിൽ സംരംഭകരെ സഹായിക്കാൻ എന്തൊക്കെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) കടക്കെണിയിലോ, പ്രകൃതി ദുരന്തങ്ങളിലോ, മറ്റു പ്രതികൂല സാഹചര്യങ്ങളോ മൂലം പ്രവർത്തനം നിലയ്ക്കുകയോ മാന്ദ്യം സംഭവിക്കുകയോ ചെയ്ത സൂക്ഷ്മ സംരംഭകർക്ക് തങ്ങളുടെ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള കുടുംബശ്രീയുടെ കർമ്മ പദ്ധതിയാണ് സി.എം.ആർ.എഫ്. (സിക്ക് എം.ഇ. റിവൈവൽ ഫണ്ട്). ടി പദ്ധതിയിൽ എസ്.എം.ഇ.ആർ.എഫ്. പ്രകാരം യോഗ്യത നേടിയ വ്യക്തിഗത സംരംഭങ്ങളുടെ പുനരുദ്ധാരണത്തിനായി എം.ഇ.സി (മൈക്രോ, കൺസൾട്ടന്റ്) തയ്യാറാക്കിയ പ്രോജക്റ്റിന്റെ ആകെ പദ്ധതി തുകയുടെ 75% മോ പരമാവധി 50,000/- രൂപയോ ഏതാണോ കുറവ് ആയത് അനുവദിക്കുന്നുണ്ട്. ഗ്രൂപ്പ് സംരംഭങ്ങൾക്ക് ആകെ പദ്ധതി തുകയുടെ 75%-മോ പരമാവധി 2,50,000/- രൂപയോ ഏതാണോ കുറവ് ആയതും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ